**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **02-02-2023 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഐ.ഡി.സി മുഖേന 2021-22,2022-23 എന്നീ വർഷങ്ങളിൽ പുതുതായി ആരംഭിക്കാൻ തീരുമാനിച്ച വ്യവസായ സംരംഭങ്ങൾ എന്തൊക്കെയാണെന്നും അവയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ? | (എ) | 2021-22, 2022-23 വർഷങ്ങളിലായി കെ.എസ്.ഐ.ഡി.സി. മുഖേന ആരംഭിച്ച പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.<br><br>**1. ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**<br><br>നിലവിൽ ഏറ്റെടുത്ത 86 ഏക്കറിൽ പ്ലാൻ ചെയ്യുന്ന ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ആന്തരിക റോഡുകൾ, ചുറ്റുമതിലുകൾ, തെരുവ് വിളക്കുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി കിറ്റ്കോയെ പി.എം.സി-യായി നിയമിച്ചിട്ടുണ്ട്.<br><br>**2. കെഎസ്ഐഡിസി ഇൻഡസ്ട്രിയൽ സ്പേസ്, കാസർകോട്**<br><br>കാസർകോട് 1.99 ഏക്കർ ഭൂമിയിലാണ് കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ സ്പേസ് പദ്ധതി ഒരുക്കുന്നത്. ടി സ്ഥലത്ത് സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള സ്ഥലം വാടകയ്ക്ക് നൽകുന്നതിനായി എല്ലാ അടിസ്ഥാന സൗകര്യങ്ങളും (റോഡ്, ഡ്രെയിൻ, ജലവിതരണം, വൈദ്യുതി, കാന്റീൻ/ബാങ്ക് കെട്ടിടം, അഡ്മിൻ ബിൽഡിങ്) ഉൾപ്പെടെ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം നിർമ്മിക്കുന്നതിനായി കിറ്റ്കോയെ പി.എം.സി ആയി നിയമിച്ചിട്ടുണ്ട്. ടി പദ്ധതി യുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.<br><br>**3. കോവിഡ് 19 സമാശ്വാസ പദ്ധതി** |

കോവിഡ്-19പകർച്ച വ്യാധി മൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്നപേരിൽ 2020 - 2021 ൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് നടപ്പിലാക്കിയിരുന്നു ഇതുകൂടാതെ കോവിഡ്-19-നെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജിന്റെ രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് 2021-2022ൽ കോവിഡ് 19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക പാക്കേജ് കൂടി നടപ്പിലാക്കുകയുണ്ടായി.

**4. സി എം സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീം**

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കുന്നു.

2021-2022 കാലഘട്ടത്തിൽ കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം ലഭ്യമാക്കിയ 65 പദ്ധതികൾ മുഖേന ഏകദേശം 778.89 കോടി രൂപയുടെ നിക്ഷേപവും 2740 തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ (നാളിതുവരെ) കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം ലഭ്യമാക്കിയ 65 പദ്ധതികൾ മുഖേന ഏകദേശം 434.26 കോടി രൂപയുടെ നിക്ഷേപവും 2256 തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

കെ.എസ്.ഐ.ഡി.സി-യുടെ വി-മിഷൻ സഹായ പദ്ധതി മുഖേന 12 സ്ഥാപനങ്ങൾക്കു വായ്പ അനുവദിക്കുകയും പുതുതായി 2 സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി.

2022-2023 കാലയളവിൽ കെ.എസ്.ഐ.ഡി.സി-യുടെ സ്റ്റാർട്ടപ്പ് സഹായ പദ്ധതി മുഖേന 6 പുതിയ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി.

ഇത് കൂടാതെ, അലോട്മെന്റ് പോളിസി പ്രകാരം, 2021-22, 2022-23 വർഷങ്ങളിലായി വ്യവസായ

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ തുടങ്ങുന്നതിനായി KSIDC യുടെ വ്യവസായ വളർച്ച കേന്ദ്രങ്ങളിലും (IGC) വ്യവസായ പാർക്കുകളിലും, സ്ഥലം പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത സംരംഭകരുടെ എണ്ണം 66 ആണ്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിലെ സ്ഥലം പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത സംരംഭകരുടെ എണ്ണം 13 ആണ്. |

സെക്ഷൻ ഓഫീസർ